# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 03.03.2026**

### പ്രധാനവാർത്തകൾ

1. പ്രാർഥനാ പുണ്യം തേടി ഭക്തലക്ഷങ്ങൾ ആറ്റുകാൽ അമ്മയ്ക്കു പൊങ്കാലയർപ്പിക്കുന്നു ; യാഗശാലയായി നഗരം; പൊങ്കാല നിവേദ്യം ഉച്ചയ്ക്ക് 2.15ന്
2. ശക്തമായ സമ്പദ്‌വ്യവസ്ഥയിലൂടെ ലോകത്തിന്റെ പ്രതീക്ഷാ കിരണമായി ഇന്ത്യ നിലകൊള്ളുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
3. പ്രവാസി മലയാളികളുടെ സുരക്ഷയും ആശങ്കകളും നേരിട്ടറിയാൻ ജി.സി.സി രാജ്യങ്ങളിലെ ലോക കേരള സഭ പ്രതിനിധികളുമായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ചർച്ച നടത്തും.
4. മത്സ്യബന്ധന അടിസ്ഥാന സൗകര്യ വികസന ഫണ്ടിനെ കുറിച്ചുള്ള അവലോകന യോഗവും ശില്പശാലയും കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ കൊച്ചിയിൽ ഉദ്ഘാടനം ചെയ്തു .
5. ഔഷധ സസ്യങ്ങൾ ആരോഗ്യത്തിനും പൈതൃകത്തിനും ജീവിത മാർഗ്ഗത്തിനും എന്ന സന്ദേശവുമായി ഇന്ന് ലോക വന്യജീവി ദിനം.
6. **ICC** ട്വൻറി - 20 ലോകകപ്പ് ആദ്യ സെമിയിൽ നാളെ ദക്ഷിണാഫ്രിക്ക-ന്യൂസിലാൻറിനെ നേരിടും.

*****************************************

RNU TVPM

## ആറ്റുകാൽ പൊങ്കാല (ഇൻട്രോ)

ഭക്തി സാന്ദ്രമായി തിരുവനന്തപുരം നഗരം . പൊങ്കാല അർപ്പിച്ച് ഭക്തലക്ഷങ്ങൾ. രാവിലെ ക്ഷേത്രത്തിൽ നടന്ന ചടങ്ങുകളിൽ മന്ത്രിമാരായ വി ശിവൻകുട്ടി, വി എൻ വാസവൻ, ജി ആർ അനിൽ, മേയർ വി വി രാജേഷ്, ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ തുടങ്ങിയവർ പങ്കെടുത്തു.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**

(വോയ്സ്)

****************************************

RNU TVPM

## പൊങ്കാല - ശോഭ കരന്തലജേ

ആറ്റുകാലമ്മയ്ക്ക് പൊങ്കാലയർപ്പിക്കാനെത്തി കേന്ദ്രമന്ത്രി ശോഭ കരന്തലജേ. ബിജെപി സംസ്ഥാന കാര്യാലയമായ മാരാർജി ഭവനിലാണ് മന്ത്രി പൊങ്കാല അർപ്പിച്ചത്.

****************************************

## പൊങ്കാല - രാധിക സുരേഷ്

പതിവ് തെറ്റിക്കാതെ ഇത്തവണയും പൊങ്കാല അർപ്പിച്ച് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയുടെ ഭാര്യ രാധിക സുരേഷ്. ശാസ്തമംഗലത്തെ ലക്ഷ്മിയിലാണ് രാധികയും കുടുംബാംഗങ്ങളും പൊങ്കാല നിവേദ്യം ഒരുക്കിയത്. മാധ്യമങ്ങളോട് പ്രതികരിക്കാനില്ലെന്നും വീട്ടിനുള്ളിൽ ഇരുന്ന് ആറ്റുകാലമ്മയെ പ്രാർഥിക്കുകയാണെന്നും സുരേഷ്ഗോപി അറിയിച്ചു.

****************************************

## നഗര ശുചീകരണം

പൊങ്കാല കഴിഞ്ഞാലുടൻ നഗര ശുചീകരണം പൂർത്തിയാക്കുമെന്ന് തിരുവനന്തപുരം കോർപറേഷൻ. ഇതിനായി ചിട്ടയായ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് മേയർ വി.വി.രാജേഷ് പറഞ്ഞു. കഴിഞ്ഞ തവണത്തേതിനേക്കാൾ കൂടുതൽ ഭക്തർ ഇത്തവണ പൊങ്കാലയർപ്പിക്കാനെത്തിയെന്നും അദ്ദേഹം അറിയിച്ചു.

************************************

## വെബിനാർ - പ്രധാനമന്ത്രി (ഇൻട്രോ)

ശക്തമായ സമ്പദ്‌വ്യവസ്ഥയിലൂടെ ലോകത്തിന്റെ പ്രതീക്ഷാ കിരണമായി ഇന്ത്യ നിലകൊള്ളുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സമ്പദ് വ്യവസ്ഥയുടെ വളർച്ച, സുസ്ഥിരവും ശക്തവുമാക്കുക എന്ന പ്രമേയത്തിലൂന്നി സംഘടിപ്പിക്കുന്ന ബജറ്റനന്തര വെബിനാറിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഗവേഷണത്തിൽ നിക്ഷേപം വർദ്ധിപ്പിക്കാനും ഗുണനിലവാരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും പ്രധാനമന്ത്രി വ്യവസായ സംരംഭങ്ങളോട് പ്രധാനമന്ത്രി ആഹ്വനം ചെയ്തു. ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യാതിരിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയിസ് )

PNU TVPM

************************************

## ലോക കേരളസഭ - യോഗം

പ്രവാസി മലയാളികളുടെ സുരക്ഷയും ആശങ്കകളും നേരിട്ടറിയാൻ ജി.സി.സി രാജ്യങ്ങളിലെ ലോക കേരള സഭ പ്രതിനിധികളുമായി മുഖ്യമന്ത്രി ഇന്ന് വൈകിട്ട് യു എ ഇ സമയം 4.30 ന് ഓൺലൈൻ യോഗം ചേരും

************************************

## ഉദ്ഘാടനം - മുഖ്യമന്ത്രി

കണ്ണൂർ സിറ്റി പോലീസിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി നിർമ്മിച്ച വിവിധ കെട്ടിടങ്ങളുടെ ഉദ്ഘാടനം നാളെ വൈകുന്നേരം മൂന്ന് മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കും. ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം, മൂന്ന് നിലകളിലായി തളാപ്പിൽ നിർമിച്ച ആറ് ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ, കൂത്തുപറമ്പിൽ അസിസ്റ്റൻറ് കമ്മീഷണർ ഓഫ് പോലീസ് ഓഫീസിന് മുകളിലായി നിർമ്മിച്ച സെൻട്രൽ കസ്റ്റോഡിയൽ ഫെസിലിറ്റേഷൻ സെന്റർ എന്നിവയും കണ്ണൂർ റേഞ്ച് ഡിഐജി ഓഫീസിനു മുകളിലായി പുതുതായി നിർമ്മിച്ച ട്രെയിനിംഗ് സെന്ററുമാണ് ഉദ്ഘാടനം ചെയുക. ജില്ലാ പോലീസ് ആസ്ഥാനത്ത് നടക്കുന്ന ചടങ്ങിൽ മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ അധ്യക്ഷത വഹിക്കും. സ്പീക്കർ എ. എൻ ഷംസീർ സംബന്ധിക്കും

*************************************

## ജോർജ് കുര്യൻ-വികസന ഫണ്ട്

മത്സ്യബന്ധന അടിസ്ഥാന സൗകര്യ വികസന ഫണ്ടിനെ കുറിച്ചുള്ള അവലോകന യോഗവും ശില്പശാലയും കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. നിധിയ്ക്ക് കീഴിലെ വായ്പാ ഉറപ്പ് നൽകൽ പദ്ധതി, കൊച്ചിൻ ലപ്പാൽ നിർമാണവും ശാലയുടെ CSR ഉപയോഗിച്ച് ലഭ്യമാക്കിയ ടർട്ടിൽ എക്സ്ക്ലൂഡർ ഉപകരണങ്ങളുടെ വിതരണം എന്നിവ ചടങ്ങിൽ നടന്നു.

*************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*************************************

RNU TVPM

## പശ്ചിമേഷ്യയിൽ സംഘർഷം

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷം. ഇസ്രായേലും അമേരിക്കയും മിസൈൽ, ഡ്രോൺ ആക്രമണങ്ങൾ ശക്തമാക്കിയിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളെ ലക്ഷ്യമിട്ട് ഇറാനും മിസൈൽ ആക്രമണങ്ങൾ തുടരുകയാണ്. മിസൈൽ ശേഖരം നശിപ്പിക്കുന്നതിനോടൊപ്പം ആണവായുധം വികസിപ്പിക്കുന്നതിൽ നിന്ന് ഇറാനെ തടയുകയും ആണ് അമേരിക്കയുടെ ലക്ഷ്യമെന്ന് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്ത് പ്രസ്താവിച്ചു. ഇറാന്റെ ആക്രമണങ്ങളെ ചെറുക്കുന്നതിന് യുഎസുമായി സഹകരിക്കുമെന്ന് ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി തുടങ്ങിയ രാജ്യങ്ങൾ പ്രഖ്യാപിച്ചു. യുഎസ്-ഇസ്രായേൽ സംയുക്ത ആക്രമണത്തിൽ 555 പേർ കൊല്ലപ്പെട്ടതായി റെഡ് ക്രെസന്റ് അറിയിച്ചു.

RIU TVPM

*************************************

## വിമാന സർവീസുകൾ പുനരാരംഭിച്ചു

ദുബായിൽ നിന്നും അബുദാബിയിൽ നിന്നും ഇന്ത്യയിലേക്കുള്ള വിമാന സർവീസുകൾ പുനരാരംഭിച്ചു. പശ്ചിമേഷ്യൻ മേഖലയിലെ സംഘർഷത്തെത്തുടർന്ന് യുഎഇയിൽ കുടുങ്ങിക്കിടക്കുന്ന ആയിരക്കണക്കിന് ഇന്ത്യക്കാർക്ക് ഇതോടെ ആശ്വാസമായി. ഡൽഹി, മുംബൈ, ബെംഗളൂരു എന്നിവിടങ്ങളിലേക്കുള്ള വിമാന സർവീസുകളാണ് ആരംഭിച്ചത്. യാത്രാ സമയം സംബന്ധിച്ച് അതത് എയർലൈൻ കമ്പനികളുമായി ബന്ധപ്പെടാൻ യാത്രക്കാരോട് നിർദ്ദേശിച്ചിട്ടുണ്ട്.

*************************************

## ജാഗ്രതാ നിർദ്ദേശം

ഇറാനെതിരായ ഇസ്രയേൽ - യു എസ് ആക്രമണത്തിൻറെ പശ്ചാത്തലത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം സംസ്ഥാനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം നൽകി. പ്രകോപനപരമായ പ്രസ്താവനകൾ

നടത്തുന്ന ഇറാൻ അനുകൂലികളെ നിരീക്ഷിക്കണമെന്നും ഇവരുടെ സമൂഹ മാധ്യമ ഉപയോഗത്തിൽ ശ്രദ്ധ ചെലുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. യു.എസ്, ഇസ്രയേൽ കോൺസുലേറ്റുകളിലും എംബസികളിലും മറ്റും സുരക്ഷ വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടു.

*************************************

## വന്യജീവി ദിനം (ഇൻട്രോ)

ഇന്ന് ലോക വന്യജീവി ദിനം. വന്യജീവി സംരക്ഷണത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ഭൂമിയെ സമ്പന്നമാക്കുന്ന ജൈവവൈവിധ്യത്തെ ആഘോഷിക്കാനുള്ള അവസരമാണ് ഈ ദിനമെന്നും അദ്ദേഹം പറഞ്ഞു. ലോക വന്യജീവി ദിന ആചരണത്തെപ്പറ്റി സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഡോ.പ്രമോദ് കൃഷ്ണൻ ആകാശവാണിയോട് .........

(വോയ്സ്)

RNU TVPM

*************************************

## കെപി ഉണ്ണികൃഷ്ണൻ

മികച്ച പാർലമെന്റേറിയനും ഭരണാധികാരിയുമായിരുന്നു മുൻ കേന്ദ്ര മന്ത്രിയും ദീർഘകാലം വടകരയിൽ നിന്നുള്ള ലോകസഭ അംഗവുമായിരുന്ന കെ.പി ഉണ്ണികൃഷ്ണൻ എന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. കേന്ദ്രമന്ത്രി എങ്ങനെ ആയിരിക്കണം എന്നതിന്റെ മാതൃകയായിരുന്നു അദ്ദേഹമെന്നും ശ്രീ മുഹമ്മദ് റിയാസ് വ്യക്തമാക്കി. കെ പി ഉണ്ണികൃഷ്ണന്റെ വിയോഗം കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനത്തിന് തീരാനഷ്ടമാണെന്ന് കൊടിക്കുന്നിൽ സുരേഷ് എംപി പറഞ്ഞു. ശ്വാസതടസത്തെ തുടർന്ന് കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ

ചികിൽസയിലിരിക്കെ ഇന്ന് പുലർച്ചെയാണ് കെ. പി. ഉണ്ണികൃഷ്ണൻ അന്തരിച്ചത്.

***************************************

## ട്വന്റി - 20 ലോകകപ്പ്

ICC ട്വന്റി - 20 ലോകകപ്പ് സെമി ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കം. നാളെ നടക്കുന്ന ആദ്യ സെമിയിൽ ദക്ഷിണാഫ്രിക്ക-ന്യൂസിലാൻറിനെ നേരിടും. മറ്റന്നാളാണ് ഇന്ത്യ ഇംഗ്ളണ്ട് സെമി പോരാട്ടം . ഈ മാസം എട്ടിനാണ് ഫൈനൽ.

***************************************

## സി.ബി.എസ്.ഇ പരീക്ഷകൾ-ഗൾഫ്

പശ്ചിമേഷ്യയിലെ അസാധാരണ സാഹചര്യം കണക്കിലെടുത്ത് മേഖലയിൽ ഈ മാസം 5, 6 തീയതികളിൽ നടത്താനിരുന്ന 10, 12 ക്ലാസ്സുകളിലെ സി.ബി.എസ്.ഇ പരീക്ഷകൾ മാറ്റിവെച്ചു. ബഹ്റൈൻ, ഇറാൻ, കുവൈറ്റ്, ഒമാൻ, ഖത്തർ, സൗദി അറേബ്യ, യു.എ.ഇ എന്നീ രാജ്യങ്ങളിലെ നിലവിലെ സാഹചര്യം കണക്കിലെടുത്താണ് തീരുമാനമെന്ന് സി ബി എസ് ഇ അറിയിച്ചു. മാറ്റിവെച്ച പരീക്ഷകൾ എന്ന് നടക്കുമെന്ന കാര്യം ബോർഡ് പിന്നീട് അറിയിക്കും.

PRIUTVPM

***************************************

## സ്വർണക്കൊള്ള - ഹർജി

ചെന്നൈയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ ആവശ്യപ്പെട്ട് സ്മാർട്ട് ക്രിയേഷൻസ് ഉടമ പങ്കജ് ഭണ്ഡാരി സമർപ്പിച്ച അപേക്ഷ കൊല്ലം വിജിലൻസ് കോടതി വാദം കേൾക്കാൻ അഞ്ചാം തീയ്യതിയിലേക്ക് മാറ്റി. ഇന്ന് കേസ് പരിഗണിച്ചെങ്കിലും മെഡിക്കൽ റിപ്പോർട്ട് സമർപ്പിക്കാൻ പ്രോസിക്യൂഷൻ സാവകാശം തേടിയ പശ്ചാത്തലത്തിലാണ് ഹർജി വ്യാഴാഴ്ചത്തേക്ക് മാറ്റിയത്.

********************************************************************************
***************************